
>> വിശകലനം

**എ. റശീദുദ്ദീൻ**



# അവരുടെ യുദ്ധം അങ്ങനെ നമ്മുടേതുമാവും

**ഒടുവിൽ** കാര്യങ്ങൾ ഭയപ്പെട്ടിടത്തേക്കു തന്നെ എത്തിച്ചേർന്നു. സമാജ്‌വാദി പാർട്ടിയും കോൺഗ്രസ്സും പ്രായോഗിക രാഷ്ട്രീയത്തിന്റെ പാഠങ്ങളുൾക്കൊണ്ട് ഒന്നിച്ചു നീങ്ങാൻ തീരുമാനിച്ചതോടെ ആണവകരാർ മാത്രമല്ല യാഥാർഥ്യമാകുന്നത്. ഉത്തർപ്രദേശിന്റെയും ഇന്ത്യയുടെയും തന്നെ രാഷ്ട്രീയ ചിത്രങ്ങളും മാറിമറിയുകയാണ്. ദേശീയതലത്തിൽ മൂന്നാം മുന്നണി എന്ന സ്വപ്നം അവസാനിക്കുകയും ബി.ജെ.പിയുടെയും കോൺഗ്രസ്സിന്റെയും രണ്ടേ രണ്ടു മുന്നണികൾക്കിടയിലേക്ക് ജനങ്ങളുടെ സമ്മതിദാനാവകാശം ഒതുങ്ങുകയും ചെയ്യും. കോൺഗ്രസ്സും സമാജ്‌വാദി പാർട്ടിയും ഒന്നിക്കുക എന്നതിന്റെ അപായസൂചന ബി.എസ്.പി തിരിച്ചറിയുമ്പോൾ അപായകരമായ മറ്റൊരു രാഷ്ട്രീയ അവസരവാദ കൂട്ടുകെട്ടിനാണ് യു.പിയിൽ കേളികൊട്ടുയരുന്നത്. ബി.എസ്.പിയും ബി.ജെ.പിയും തമ്മിലായിരിക്കും ഇത്. സ്വാഭാവികമായും അന്തരീക്ഷം കലക്കാനുള്ള നീക്കങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ആണവകരാറിനെതിരെയുള്ള 'ഭീകരാക്രമണം' എപ്പോൾ സംഘടിപ്പിക്കുമെന്നത് സമയത്തിന്റെ മാത്രം പ്രശ്നമായിരിക്കുന്നു.

മുസ്‌ലിംകളെ കരാറിലേക്ക് വലിച്ചിഴച്ചു കൊണ്ടാണ് രാഷ്ട്രീയ പാർട്ടികൾ ഇപ്പോൾ അങ്കംവെട്ടുന്നത്. തികച്ചും ജനാധിപത്യ, മാനവിക, മതേതര മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ ചർച്ച ചെയ്യപ്പെടേണ്ടിയിരുന്ന ആണവകരാർ ഒറ്റയടിക്ക് വർഗീയവത്കരിക്കപ്പെട്ടുകഴിഞ്ഞു. സി.പി.എം പോളിറ്റ്ബ്യൂറോ അംഗം എം.കെ പാന്ഥെ തുടക്കമിട്ട നീക്കം യു.പി മുഖ്യമന്ത്രി മായാവതിക്ക് ഏറ്റുപിടിക്കേണ്ട ആവശ്യമേ വന്നുള്ളൂ. ആണവകരാറിനെ സൈദ്ധാന്തിക തലത്തിൽ നിന്നും വർഗീയ തലത്തിലേക്ക് ഇറക്കിയ പാന്ഥെയുടെ നീക്കത്തെ സി.പി.എം തള്ളിപ്പറഞ്ഞുവെങ്കിലും അനിവാര്യമായ ദുരന്തത്തെ ഇനി ആർക്കും തടുത്തുനിർത്താനാവില്ല. സമാജ്‌വാദി പാർട്ടി നേതാവ് അമർസിംഗ് രാത്രിക്കുരാത്രി മായാവതിക്ക് നൽകിയ മറുപടിയിൽ അവരുടെ ബി.ജെ.പി ബന്ധങ്ങളെ കുറിച്ചാണ് ആരോപണമുള്ളത്. ഇതെഴുതുന്ന ദിവസവും മായാവതി ബി.ജെ.പിയിലേക്കോ സമാജ്‌വാദി പാർട്ടി കോൺഗ്രസ്സിലേക്കോ ഔദ്യോഗികമായി പക്ഷം ചേർന്നിട്ടില്ല. പക്ഷേ മാനസിക യുദ്ധത്തിനു തുടക്കം കുറിച്ചു കഴിഞ്ഞു.

പ്രധാനമന്ത്രിയുടെ ആണവക്കരാറിലുള്ള പിടിവാശിയെ കോൺഗ്രസ് എന്തുകൊണ്ട് നിലക്കു നിർത്തുന്നില്ല എന്നതാണ് ദുർഗ്രാഹ്യമായി തുടരുന്നത്. സമാജ്‌വാദിയുമായി കോൺഗ്രസ് ചേരുന്നതും ചേരാത്തതും ജോർജ് ബുഷും മൻമോഹനും കരാർ ഒപ്പിടുന്നതുമായി കൂട്ടിവായിക്കേണ്ട ഒരു കാര്യവും ഉണ്ടായിരുന്നില്ല. കോൺഗ്രസ്സിനും സമാജ്‌വാദിക്കും ഗുണകരമായ ഒരു രാഷ്ട്രീയ സമവാക്യമായിരുന്നു അത്. ഇത്തരമൊരു കൂട്ടുകെട്ടില്ലാതെ യു.പിയിൽ ഇരു സംഘടനകൾക്കും നിലനിൽക്കാനും കഴിയുമായിരുന്നില്ല. ഈ കച്ചവടത്തിലേക്ക് ഇടതു സംഘടനകളെ കൂടി ഒപ്പം കൂട്ടുകയും അതിനു വേണ്ടി അമേരിക്കൻ കരാർ ഉപേക്ഷിക്കുകയുമായിരുന്നു കോൺഗ്രസ്സിന് കൂടുതൽ മെച്ചം. പാർട്ടികൾക്കിടയിലുള്ള ഈ പതിവു കച്ചവടത്തിന്റെ മറവിൽ രാജ്യത്തെ വിൽക്കുകയാണ് പക്ഷേ നടക്കുന്നത്. സി.പി.എം ഇല്ലാതെ ഭരണം നിലനിൽക്കുമെന്നു വ്യക്തമായ ആദ്യത്തെ അവസരത്തിൽ തന്നെ മൻമോഹൻസിംഗിന്റെ സാമ്രാജ്യത്വ വിധേയത്വം പുറത്തുവന്നു. അദ്ദേഹത്തിന്റെ ആണവ ഇന്ധന സിവിലിയൻ കരാർ അക്ഷരാർഥത്തിൽ തന്നെ കാപട്യമാണ്. ഇന്ധനമോ ആണവമോ അല്ല ഈ കരാറിന്റെ പ്രധാനപ്പെട്ട വശങ്ങൾ. സിവിലിയൻ എന്ന വാക്കിനേക്കാൾ വലിയ അസംബന്ധം ഈ കരാറിൽ കൂ

ട്ടിച്ചേർക്കാനുമില്ല. ആണവ ഇന്ധനത്തിന്റെ മറവിലുള്ള ഇന്തോ അമേരിക്കൻ സൈനിക കരാറായാണ് ഇത് ഭാവിയിൽ അറിയപ്പെടുക. അമേരിക്കയുടെ മാത്രമല്ല മുഴുവൻ പാശ്ചാത്യ സൈനിക മുഷ്കന്മാരുടെയും പന്തിയിലേക്ക് ഇന്ത്യയെ ചവിട്ടിക്കയറ്റുകയാണ് ഈ കരാറിന്റെ ദുരന്തഫലം. അമേരിക്കയുടെ അടുത്ത 'കൊള്ളയടി യുദ്ധത്തിന്' ഇന്ത്യ സൈന്യത്തെ അയച്ചു കൊടുത്തില്ലെങ്കിൽ അപ്പോഴറിയാം കാര്യങ്ങൾ. പ്രധാനമന്ത്രി കുപ്പായം തയ്പിച്ച് കാത്തിരിക്കുന്ന അദ്വാനിക്ക് കൈകൾ തരിക്കുന്നുണ്ടാവും, അടുത്ത അമേരിക്കൻ യുദ്ധം എന്നു തുടങ്ങുന്നുവെന്നറിയാൻ.

ആണവകരാറിന്റെ കാര്യത്തിൽ ഏറ്റവും മുഴുത്ത കാപട്യമാണ് ബി.ജെ.പിയുടേത്. അമേരിക്കയുമായി സൈനിക മേഖലയിൽ തന്ത്രപരമായ സഹകരണത്തിന് തുടക്കമിട്ട സർക്കാർ അവരുടേതായിരുന്നു. ആഗോളതലത്തിൽ അമേരിക്കയും സഖ്യകക്ഷികളും നടത്തുന്ന 'ഭീകര വിരുദ്ധ' യുദ്ധത്തിന് മതത്തിന്റെ മുഖമുണ്ടെന്നും അത് ഇന്ത്യയിലെ തങ്ങളുടെ ന്യൂനപക്ഷ വിരുദ്ധ അജണ്ടകൾക്ക് ഗുണം ചെയ്യുമെന്നും തിരിച്ചറിഞ്ഞാണ് അമേരിക്കൻ കപ്പലിൽ എൻ.ഡി.എ സർക്കാർ ടിക്കറ്റെടുത്തത്. ഇന്ത്യയും അമേരിക്കയും സ്വാഭാവിക പങ്കാളികളാണ് എന്ന കുപ്രസിദ്ധമായ പ്രസ്താവന പുറപ്പെട്ടത് മറ്റാരുടെയുമല്ല ബി.ജെ.പി പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ നാവിൽ നിന്നായിരുന്നു. അതേ ബി.ജെ.പിയാണ് ഇപ്പോൾ തന്ത്രപരമെന്ന് അവർക്ക് നന്നായറിയുന്ന ഈ കരാറിനെ എതിർക്കുന്നത്. തങ്ങൾ അധികാരത്തിലേറിയാൽ ആണവ കരാർ വീണ്ടും ചർച്ച ചെയ്യുമെന്നും പാർട്ടി പറയുന്നു. ഇന്ത്യയുടെ ആണവായുധശേഷിയെ യു.പി.എ സർക്കാർ പണയം വെച്ചിട്ടുണ്ടത്രെ. ഓക്കാനം വരുന്ന രാഷ്ട്രീയ ചപ്പടാച്ചികളാണ് ഇതെല്ലാം.

ഇന്ത്യയുടെ ഊർജ പ്രശ്നങ്ങൾക്കും ഇന്ധനക്ഷാമത്തിനുമുള്ള അവസാനത്തെ പോംവഴിയാണ് ഈ കരാറെന്ന വാദം മുൻ നിർത്തിയാണ് പ്രധാനമന്ത്രിയും കോൺഗ്രസ്സും പൊതുജനത്തെ തെറ്റിദ്ധരിപ്പിച്ചത്. അടുത്ത കാലത്ത് ഇന്ത്യൻ മാധ്യമങ്ങൾ നടത്തിയ ഏറ്റവും അടിസ്ഥാനരഹിതമായ പ്രചാരണങ്ങളിലൊന്നായിരുന്നു ഇത്. യാഥാർഥ്യം പക്ഷേ ഇതൊന്നുമല്ല. ആണവായുധ നിരോധന ഉടമ്പടിയിൽ (സി.ടി.ബി.ടി) ഒപ്പുവെക്കാതെ തന്നെ ഇന്ത്യയുടെ ആണവായുധശേഷി നിർവീര്യമാക്കുന്നതിന് തുല്യമാണ് കരാറെന്നാണ് ബുഷ് അമേരിക്കയിൽ പ്രസംഗിച്ചു നടക്കുന്നത്. സി.ടി.ബി.ടിയിൽ ഒപ്പുവെക്കാതെ ചില സവിശേഷ അധികാരങ്ങൾ നേടുകയാണ് ഇന്ത്യ ചെയ്യുന്നതെന്ന് മൻമോഹൻ സിംഗ് ഇവിടെയും അവകാശപ്പെട്ടു. ആരു പറയുന്നതാണ് ശരി? ഊർജ പ്രതിസന്ധി പരിഹരിക്കുന്നതിന് അന്യമാർഗങ്ങൾ ഇന്ത്യ സ്വീകരിക്കരുതെന്ന അമേരിക്കൻ ദുഃശാഠ്യത്തിന് നമ്മൾ വഴങ്ങുകയാണ് ചെയ്യുന്നത്. ഇന്ത്യയുടെ ബദൽമാർഗങ്ങൾ, വിശേഷിച്ചും ഇറാന്റെ വിലകുറഞ്ഞ വാതകം, അമേരിക്കയുടെ യുദ്ധോന്മാദത്തിന് തടസ്സം സൃഷ്ടിക്കുന്നതാണ് എന്നതായിരുന്നു യഥാർഥ കാരണം. അമേരിക്കയുടെ യുദ്ധസന്നാഹങ്ങൾക്ക് ഭാവിയിൽ ഇന്ത്യ പിന്തുണ കൊടുക്കുന്നതിന് സഹായകമായ തന്ത്രപരമായ കരാറാണ് യഥാർഥത്തിൽ രൂപം കൊള്ളുന്നത്. അമേരിക്കയുടെ വിദേശനയങ്ങൾക്ക് മേഖലയിൽ ഇന്ത്യ തടസ്സമാവരുത്. അതിനുള്ള പുകമറ മാത്രമാണ് ആണവ കരാർ. ഇന്ത്യയുടെ സിവിലിയൻ ആവശ്യങ്ങൾക്കുള്ള കരാറാണ് ഇതെങ്കിൽ അതിൽ ഇരുപതിടത്ത് ഇറാനെ എടുത്തു പറയേണ്ട ആവശ്യമെന്തുണ്ട്?

അമേരിക്കക്കാരന്റെ എക്കാലത്തെയും കാപട്യം ഈ കരാറിലുമുണ്ട്. അവർക്ക് ഇന്ത്യയുടെ പിന്തുണ ലഭിക്കണം, എന്നാൽ ഇന്ത്യ ഭാവിയിൽ കുടുതൽ ദുർബലമാകുകയും വേണം. 'ഒന്ന് രണ്ട് മൂന്ന് കരാർ' ഒരു ഭാഗത്ത് ഉയർത്തിക്കാട്ടുമ്പോൾ 'ഹൈഡ് ആക്ടി'ലെ വ്യവസ്ഥകൾ എന്തെന്ന് ഇന്നും ഇന്ത്യയിലെ ജനങ്ങൾക്കറിയില്ല. ഒപ്പുവെക്കുന്ന പ്രധാനമന്ത്രിക്കു പോലും അതറിയുമോ എന്ന് വ്യക്തമല്ല. മറച്ചു പിടിക്കുന്ന ഈ വ്യവസ്ഥകൾ രാജ്യതാൽപര്യത്തിന് തീർത്തും എതിരാണെന്നാണ് റിപ്പോർട്ടുകൾ. ആണവരംഗത്ത് രാജ്യം നേടിയെടുത്ത മുഴുവൻ ശേഷിയും ഫലപ്രദമായി നിർവീര്യമാക്കുന്നതാണ് ഹൈഡ് ആക്ടിലെ വ്യവസ്ഥകളെന്ന് ഇന്ത്യൻ ശാസ്ത്രസമൂഹം ആശങ്കപ്പെടുന്നു. ഈ വ്യവസ്ഥകൾ ഇന്ത്യൻ പാർലമെന്റിലോ യു.പി.എ-ഇടത് സംയുക്ത സമിതി യോഗങ്ങളിലോ ഇന്നേവരെ മൻമോഹൻ സിംഗ് ചർച്ചക്കുവെച്ചിട്ടില്ല. രാജ്യത്തിന് വേണ്ടത് എന്താണെന്ന് താനും ബുഷും സ്വകാര്യമായി തീരുമാനിച്ചാൽ മതിയെന്നിടത്താണ് അദ്ദേഹം ഇപ്പോഴുമുള്ളത്. ആണവ കരാറിന്റെ കാര്യത്തിൽ ഏതുവിധേനയും മുന്നോട്ടു പോകുക. അതിന് സഖ്യകക്ഷികളോട് അവസരോചിതമായി എന്തെങ്കിലുമൊക്കെ പറഞ്ഞുകൊണ്ടിരിക്കുക. പറഞ്ഞ കാര്യങ്ങൾ പിന്നീടൊരിക്കലും ഓർത്തുവെക്കാതിരിക്കുക. അതല്ലെങ്കിൽ മറ്റുള്ളവർ സംഗതികൾ മറന്നിട്ടുണ്ടാവുമെന്ന ധാരണയിൽ മുന്നോട്ടു പോകുക. ഇതൊക്കെയാണ് ഡോ. മൻമോഹൻ സിംഗ് ചെയ്തുകൊണ്ടിരിക്കുന്നത്.

ഇപ്പോഴത്തെ ഈ പ്രശ്നങ്ങളെ കോൺഗ്രസ് സമീപിക്കുന്ന രീതിയാകട്ടെ രാഷ്ട്രീയ കച്ചവടത്തിന്റെ മകുടോദാഹരണമായാണ് മാറുന്നത്. ആണവകരാർ ഇന്ത്യയിൽ തെരഞ്ഞെടുപ്പു വിഷയമാവില്ലെന്ന് അവർക്ക് നന്നായറിയാം. രണ്ടു കാര്യങ്ങളാണ് കോൺഗ്രസ്സിനെ സംബന്ധിച്ചേടത്തോളം പ്രധാനം. ഒന്നാമത്തെത് യു.പിയിൽ പാർട്ടിയെ ശക്തിപ്പെടുത്തൽ. മറ്റൊന്ന് കേന്ദ്രഭരണത്തിലേക്ക് മടങ്ങിയെത്തൽ. സമാജ്‌വാദി പാർട്ടിയും ചെറുകക്ഷികളും പുറത്തു നിന്നും പിന്തുണ നൽകിയാൽ ഇപ്പോഴത്തെ അവസ്ഥയിൽ യു.പി.എ ഭരണം പെട്ടെന്ന് നിലം പതിക്കില്ല. വിലക്കയറ്റവും അനുബന്ധ പ്രശ്നങ്ങളും പരിഹരിക്കാൻ ഒരു ശ്രമമെങ്കിലും നടത്താനുള്ള സമയമെങ്കിലും ഇവർ കോൺഗ്രസ്സിനു നൽകും. അവ അൽപമെങ്കിലും ഫലം ചെയ്തതിനു ശേഷമാണ് പൊതുതെരഞ്ഞെടുപ്പ് നടക്കുന്നതെങ്കിൽ സംസ്ഥാനങ്ങളിൽ എന്തു സംഭവിക്കുമെന്നാണ് വിലയിരുത്താനു


**ലോകചരിത്രത്തിലെ ഏറ്റവും തെമ്മാടിയായ ഭരണാധികാരിയോട് ഇന്ത്യൻ പ്രധാനമന്ത്രി കാണിക്കുന്ന വിധേയത്വം സമാനതകളില്ലാത്ത ദുരന്തമായാണ് മാറുന്നത്. ആണവകരാർ വേണമെന്ന പ്രമേയം ഇന്ത്യയുടെ പാർലമെന്റ് പാസ്സാക്കിയിരുന്നില്ല. എന്നിട്ടും ആ കരാറിനു വേണ്ടി രാജ്യത്തെ ദുരിതക്കടലിലേക്കു തള്ളിയിടാൻ പ്രധാനമന്ത്രിക്ക് ഒരു മടിയും ഉണ്ടായില്ല.**

ള്ളത്. ഈ കണക്കുകൂട്ടലുകളും കുറച്ചൊക്കെ കോൺഗ്രസ്സിന് അനുകൂലമാണ്. മധ്യപ്രദേശ്, രാജസ്ഥാൻ, ഛത്തീസ്ഗഢ് എന്നീ സംസ്ഥാനങ്ങളിൽ കോൺഗ്രസ്സിന് പ്രതീക്ഷയുണ്ട് . ഇതിൽ മധ്യപ്രദേശിൽ ബി.ജെ.പിയുടെ തിരിച്ചുവരവ് ഏതാണ്ട് അസാധ്യമായ അവസ്ഥയാണ്. ശിവരാജ്സിംഗ് ചൗഹാന്റെ ഭരണവും ഉമാഭാരതിയുടെ വിമതനീക്കങ്ങളും സംസ്ഥാനത്തെ ബി.ജെ.പിയുടെ പ്രതീക്ഷകളെ ഇല്ലാതാക്കുകയാണ്. രാജസ്ഥാനിലും ഛത്തീസ്ഗഢിലും ആഞ്ഞുപിടിച്ചാൽ കോൺഗ്രസ്സിന് അനുകൂലമാക്കാവുന്ന സാഹചര്യമേ ഉള്ളൂ. സംസ്ഥാനങ്ങളിൽ തുടർച്ചയായി ഏൽക്കുന്ന തിരിച്ചടികൾക്ക് താൽക്കാലിക വിരാമമിട്ട് ലോക്സഭാ തെരഞ്ഞെടുപ്പിലേക്കു കടക്കാനായാൽ കോൺഗ്രസ്സിന് ഇപ്പോഴും അങ്കത്തിന് ബാല്യമുണ്ടെന്നാണ് സൂചനകൾ. പക്ഷേ ഈ വക സാഹചര്യങ്ങളൊന്നും തന്നെ ആണവ കരാറുമായി ഒരു നിലക്കും ബന്ധപ്പെടുന്നതായിരുന്നില്ല. എന്നിട്ടും പാർട്ടി ഈ അസംബന്ധ നാടകത്തിന് കൂട്ടുനിൽക്കുകയാണ് ചെയ്തത്.

കോൺഗ്രസ്-മുലായം സഖ്യത്തിന് മായാവതി ബദലുണ്ടാക്കാൻ മെനക്കെടുന്നതോടെ ദേശീയ രാഷ്ട്രീയം കോൺഗ്രസ്സിന്റെയും ബി.ജെ.പിയുടെയും ചേരികളായി വേർതിരിയുകയാണ് ചെയ്യുക. തങ്ങളകപ്പെട്ട അപകടസന്ധിയിൽ നിന്ന് കോൺഗ്രസ്സിന് പുറത്തേക്കുള്ള വഴി തെളിയുക കൂടിയാണിത്. വർഗീയമായ ചേരിതിരിവുണ്ടാകുമ്പോൾ സ്വാഭാവികമായും മുസ്‌ലിംകൾ കോൺഗ്രസ്സിന്റെ ആലയിലായിരിക്കും പിടിച്ചുനിൽക്കുക. ബി.ജെ.പിയോടുള്ള അടിസ്ഥാനപരമായ ഉൾഭയമാണ് ഇതിന് കാരണം.

മായാവതിയുടെ യു.പിയിൽ തന്റെ പാർട്ടിക്ക് ഏറെയൊന്നും ഭാവിയില്ലെന്ന് മുലായത്തിന് തോന്നിത്തുടങ്ങിയിരിക്കുന്നു. ഇടതുമായി മൂന്നാംമുന്നണി ഉണ്ടാക്കുന്നതിന്റെ സാധ്യതകളെ കുറിച്ചും പുറമെ പറയുന്നതല്ലാതെ മുലായത്തിന് പ്രതീക്ഷയൊന്നുമില്ല. ആർ.ജെ.ഡി കോൺഗ്രസ്സിന്റെ ബി ടീമായി മാറുന്നതിനു പിന്നിലും ഇതേ അസ്തിത്വ പ്രതിസന്ധിയാണ്. ബീഹാറിൽ നിധീഷ് കുമാറിനും ബി.ജെ.പിക്കുമെതിരെ ലാലുവിന് ഒറ്റക്ക് പോരാടാൻ ധൈര്യമില്ലാതായിരിക്കുന്നു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനെ പടിക്കു പുറത്തിരുത്തിയ ലാലുവാണ് ഇപ്പോൾ ആണവകരാറിനെ കുറിച്ച് ഏറ്റവുമുച്ചത്തിൽ സംസാരിക്കുന്നത്.

രാഷ്ട്രീയക്കാരുടെ കോണിയും പാമ്പും കളികളെ അതിന്റെ പാട്ടിനുവിടുക. ലോകചരിത്രത്തിലെ ഏറ്റവും തെമ്മാടിയായ ഭരണാധികാരിയോട് ഇന്ത്യൻ പ്രധാനമന്ത്രി കാണിക്കുന്ന വിധേയത്വം സമാനതകളില്ലാത്ത ദുരന്തമായാണ് മാറുന്നത്. ആണവകരാർ വേണമെന്ന പ്രമേയം ഇന്ത്യയുടെ പാർലമെന്റ് പാസ്സാക്കിയിരുന്നില്ല. എന്നിട്ടും ആ കരാറിനു വേണ്ടി രാജ്യത്തെ ദുരിതക്കടലിലേക്കു തള്ളിയിടാൻ പ്രധാനമന്ത്രിക്ക് ഒരു മടിയും ഉണ്ടായില്ല. അമേരിക്കയുമായും ഇസ്രയേലുമായും ഇന്ത്യ 'സഹകരണം' ആരംഭിച്ചതിന്റെ ദുരന്തം ഏതുരൂപത്തിലാണ് തെരുവുകളിൽ പൊട്ടിത്തെറിക്കുന്നതെന്ന് പ്രധാനമന്ത്രിക്ക് അറിയാത്തതല്ല. അജ്ഞാതമായ ഈ സ്ഫോടനങ്ങളുടെ പേരിൽ ഒരു സമൂഹത്തിന് ഇന്ത്യയിൽ പുറത്തിറങ്ങി നടക്കാൻ പറ്റാത്ത അവസ്ഥയാണ് സൃഷ്ടിക്കപ്പെട്ടത്. ഒരു ജനതയെ രാഷ്ട്രീയമായി ഒറ്റപ്പെടുത്താനുള്ള അന്താരാഷ്ട്ര നീക്കങ്ങളിലാണ് ഇന്ത്യ സഹകരിക്കുന്നതെന്ന് പറയേണ്ടിവരുന്നു. പൊതുജനത്തിന്റെ മുമ്പിൽ പോയ ശീലമില്ലാത്തവർ നാടുഭരിക്കുന്നതിന്റെ കുഴപ്പവും ഇതിലുണ്ട്. മൻമോഹൻ സിംഗിന്റെ യജമാനൻ ഇന്നും പൊതുജനമല്ല. അമേരിക്കയും അവിടത്തെ ധനകാര്യ സ്ഥാപനങ്ങളും അവരുടെ രാഷ്ട്രീയ, സാമ്പത്തിക താൽപര്യങ്ങളുമാണ് അദ്ദേഹത്തിന്റെ ദൗർബല്യങ്ങളെന്ന് സംശയിക്കേണ്ടി വരുന്നു. അമേരിക്കയുമായി എങ്ങനെയെങ്കിലും ആണവകരാർ ഒപ്പുവെക്കണമെന്നത് പ്രധാനമന്ത്രിയുടെ ദുരഭിമാനമായതു പോലെയാണ് കാര്യങ്ങൾ. ഇത് സാധിച്ചില്ലെങ്കിൽ ഇന്ത്യയുടെ ആകാശം ഇടിഞ്ഞുവീഴുമെന്ന മട്ടിലാണ് സിംഗ് പെരുമാറിയതും.



**ആണവ കരാറിന്റെ കാര്യത്തിൽ ഏതുവിധേനയും മുന്നോട്ടു പോകുക. അതിന് സഖ്യകക്ഷികളോട് അവസരോചിതമായി എന്തെങ്കിലുമൊക്കെ പറഞ്ഞുകൊണ്ടിരിക്കുക. പറഞ്ഞ കാര്യങ്ങൾ പിന്നീടൊരിക്കലും ഓർത്തുവെക്കാതിരിക്കുക. അതല്ലെങ്കിൽ മറ്റുള്ളവർ സംഗതികൾ മറന്നിട്ടുണ്ടാവുമെന്ന ധാരണയിൽ മുന്നോട്ടു പോകുക. ഇതൊക്കെയാണ് ഡോ. മൻമോഹൻ സിംഗ് ചെയ്തുകൊണ്ടിരിക്കുന്നത്.**

ജോർജ് ബുഷ് സ്ഥാനമൊഴിയുന്നതോടെ അടുത്ത പ്രസിഡന്റ് ഈ 'സൗജന്യക്കരാറു'മായി മുമ്പോട്ടു പോവാൻ ഇടയില്ലെന്ന മട്ടിൽ ചില മാധ്യമങ്ങൾ വിഷയം കൈകാര്യം ചെയ്യുന്നുണ്ട്. പക്ഷേ സമയവും സൗകര്യവും ഇന്ത്യയുടെ പിന്നാലെ വരുന്നതാണ് ഇനി കാണാൻ പോകുന്ന പൂരം. ഇപ്പോൾ തന്നെ ഇന്ത്യക്ക് അടുത്ത സെപ്റ്റംബർ വരെ സമയം നൽകുന്നതിനെ കുറിച്ച് അമേരിക്കൻ മാധ്യമങ്ങൾ ചർച്ച ചെയ്തു തുടങ്ങി. യഥാർഥത്തിൽ ഈ കരാർ ഇന്ത്യയേക്കാളേറെ അമേരിക്കയുടെ ആവശ്യമായിരുന്നു എന്ന് വിദൂരമല്ലാത്ത ഭാവിയിൽ തന്നെ തെളിഞ്ഞുവരും. ആഗോളതലത്തിൽ മതാടിസ്ഥാനത്തിൽ അമേരിക്കയും ഇസ്രയേലും തയാറാക്കുന്ന ലിസ്റ്റിൽ പെടുന്ന രാജ്യങ്ങൾക്കെതിരെ നടത്തുന്ന അവരുടെ യുദ്ധങ്ങൾ നമ്മുടേതും കൂടിയാവുന്ന കാലം വരും. ബി.ജെ.പി ഭരണത്തിൽ തിരിച്ചെത്തുകയാണെങ്കിൽ തീർച്ചയായും അതുണ്ടാവുക തന്നെ ചെയ്യും. ■

rasheedudheen@hotmail.com